# Athmaraksha.org

ഈശോയുടെ തിരുഹൃദയത്തിന്റെ വണക്കമാസം-ജൂൺ

June 26



ഈശോയുടെ തിരുഹൃദയത്തിന്റെ വണക്കമാസം: ജൂൺ 26

## ഈശോയുടെ ദിവ്യഹൃദയത്തിൽ കാണപ്പെടുന്ന അഗ്നിജ്വാലയും പ്രകാശവും

ഈശോമിശിഹായുടെ ദിവ്യഹൃദയത്തിൽ കാണപ്പെടുന്ന അഗ്നിയും അതിന്റെ ജ്വാലകളും അവിടുത്തെ ദൈവിക ഗുണങ്ങളെ സൂചിപ്പിക്കുന്നു. മിശിഹായിൽ, മനുഷ്യവർഗ്ഗത്തിനുണ്ടാകുന്ന സമസ്ത ഗുണലക്ഷണങ്ങളും ദൈവദാനങ്ങളും വരങ്ങളും അളവറ്റ വിധത്തിൽ ഉണ്ടായിരുന്നാലും ദൈവത്വം എന്ന ദിവ്യാഗ്നി തന്നിൽ ഇല്ലായിരുന്നുവെങ്കിൽ മനുഷ്യരക്ഷ എന്ന മഹാകാര്യം സാധിക്കുന്നതിന് അവിടുത്തേക്ക് അസാദ്ധ്യമായി വരുമായിരുന്നു. എന്നാൽ നമ്മെ രക്ഷിക്കുവാൻ മനുഷ്യനായി പിറന്ന ഈ ദിവ്യഗുരുനാഥൻ സത്യമായ ദൈവവും സത്യമായ മനുഷ്യനും ആയിരിക്കയിൽ അവിടുന്നു മനുഷ്യസ്വഭാവത്തിൽ ചെയ്തിട്ടുള്ള പ്രവൃത്തികളും സഹിച്ചിട്ടുള്ള പീഡകളും നടത്തിയിരിക്കുന്ന സമസ്ത കാര്യങ്ങളും ദൈവികമായിട്ടുള്ളവ ആയിരിക്കുന്നു.

ദിവ്യരക്ഷിതാവിന്റെ തിരുഹൃദയം കാണുമ്പോൾ അവിടുന്ന് സത്യമായ മനുഷ്യനെന്ന് നാം മനസ്സിലാക്കുന്നു. ദിവ്യഹൃദയത്തിൽ സദാ ജ്വലിക്കുന്ന അഗ്നി അവിടുന്ന് സത്യമായ ദൈവമെന്നും നമ്മെ പഠിപ്പിക്കുന്നു. മുൾപ്പടർപ്പിൽ ജ്വലിക്കുന്ന അഗ്നിയിൽ ദൈവം മോശയ്ക്ക് പ്രത്യക്ഷനായി. 'ഞാൻ നിന്റെ പിതാക്കന്മാരുടെ ദൈവമാകുന്നു. എന്റെ ജനം സഹിക്കുന്ന ഉപദ്രവം ഞാൻ കണ്ട് ഇവരെ രക്ഷിപ്പാനായി ഞാൻ ഇറങ്ങി വന്നിരിക്കുന്നു.' എന്നരുളിച്ചെയ്യുകയുണ്ടായി. മിശിഹായേ സ്നേഹിക്കുന്ന ആത്മാക്കളെ! അവിടുത്തെ ദിവ്യഹൃദയത്തിലെ അഗ്നിമുൾപ്പടർപ്പുകളുടെ ഇടയിൽ എരിഞ്ഞത് പോലെ സ്വൽപനേരത്തേക്കല്ലാ അത് എരിയുന്നത്. ലോകാവസാനം വരെയും നിത്യമായും .അത് എരിയുന്നു. ഇതിൽ ദൈവത്തിന്റെ ഒരു പ്രതിനിധിയല്ല സത്യമായ ദൈവം തന്നെ നമുക്ക് പ്രത്യക്ഷപ്പെടുന്നു.

ഒരു ജനത്തെ രക്ഷിപ്പാൻ മാത്രമല്ല പിന്നെയോ സകല മനുഷ്യരേയും രക്ഷിപ്പാൻ വേണ്ടി ദൈവപുത്രൻ മനുഷ്യനായി ഇറങ്ങിവന്നിരിക്കുന്നു. കാലത്തിനടുത്ത ഒരു രക്ഷയും ഭാഗ്യവും തരുന്നതിനല്ല നിത്യാനന്ദവും അതിനോടു കൂടെ സകല! പ്രസാദവരങ്ങളും ധാരാളമായി നൽകുന്നതിനായിട്ടത്രേ. മനുഷ്യാ! ഇത്ര സ്നേഹം നിറഞ്ഞ പരിശുദ്ധ ഹൃദയത്തെ സ്നേഹിക്കാതെയും ആരാധിക്കാതെയും ഇരിക്കുന്നതെങ്ങനെ! കർത്താവിന്റെ ദിവ്യഹൃദയത്തിലെ അഗ്നിയെക്കുറിച്ച് സംക്ഷേപമായി പറഞ്ഞ ശേഷം ഇതിൽ കാണുന്ന പ്രകാശം എന്തായിരിക്കുന്നുവെന്ന് അൽപം ആലോചിക്കാം.
നരബാധകളിൽ ഒന്നും പിശാചുക്കളുടെ അവകാശവും ഏവർക്കും നിർഭാഗ്യവും വ്യസനവും വരുത്തുന്നതുമാകുന്നു. പ്രകാശമാകട്ടെ, മോക്ഷവാസികളുടെ ഓഹരിയും സ്വർഗ്ഗത്തിലെ ഭാഗ്യവും സകലർക്കും ആനന്ദപ്രദവുമാകുന്നു. ആയതിനാൽ പിശാചുക്കൾ അന്ധകാരപ്രഭുക്കൾ എന്നും വിശുദ്ധാത്മപികൾ പ്രകാശത്തിന്റെ പുത്രന്മാരെന്നും വിളിക്കപ്പെടുന്നു. അന്ധകാരപ്രഭുക്കളുടെ ഇടയിൽ അന്ധകാരം, അവർ ദൈവനന്മയിൽ നിന്ന് അകന്ന് തിന്മയിൽ സ്ഥിരപ്പെട്ട് ഇരിക്കുന്നതുകൊണ്ടും, വിശുദ്ധാത്മപികളുടെ ശോഭയും പ്രകാശവും, അവർ ദൈവപ്രസാദത്താൽ അലംകൃതരായി ദൈവനന്മയിൽ സ്ഥിരപ്പെട്ടിരിക്കുന്നത് കൊണ്ടും ഉണ്ടായിട്ടുള്ളതാണ്. എന്നാൽ സ്വർഗ്ഗീയ മഹിമയും പ്രകാശവും സകല! മോക്ഷവാസികളുടെ ശോഭയും ദൈവപുത്രനായ ഈശോമിശിഹായത്രേ. തന്റെ ശോഭയാൽ ആകാശത്തെ പ്രകാശിപ്പിക്കയും അന്ധകാരത്തിലിരിക്കുന്ന ഭൂവാസികൾക്കു വെളിച്ചം നൽകുകയും അവിടുന്ന് ചെയ്യുന്നു.

മലാക്കിപ്രവാചകന്റെ വാക്യപ്രകാരം അവിടുന്ന് നീതിയുടെ സൂര്യനാകുന്നു. മിശിഹാ തന്നെ അരുളിച്ചെയ്തത് ഇപ്രകാരമാണ്: 'ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു: എന്റെ പിന്നാലെ വരുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല; അവന് ആയുസ്സിന്റെ വെളിച്ചം കിട്ടുകയും ചെയ്യും.' എന്നാണല്ലോ. 'അവനിൽ ജീവനുണ്ടായിരുന്നു' എന്നും, ' ഈ ജീവൻ മനുഷ്യരുടെ പ്രകാശമായിരുന്നു.' എന്നും സുവിശേഷകനായ വിശുദ്ധ യോഹന്നാൻ സാക്ഷിച്ചിരിക്കുന്നു.

ആകയാൽ മിശിഹായേ സ്നേഹിക്കുന്ന ആത്മാക്കളെ! ഈശോയുടെ ദിവ്യഹൃദയത്തിൽ കാണപ്പെടുന്നവ അഗ്നിയും ജ്വാലയും തന്റെ ദൈവത്വത്തെയും തനിക്കു മനുഷ്യരുടെ നേരെയുള്ള സ്നേഹത്തെയും അറിയിക്കുന്നു. ഈ ദിവ്യഹൃദയപ്രകാശവും ശോഭയും സ്വർഗ്ഗവാസികളുടെ പ്രകാശവും ഭൂവാസികളെ സ്വർഗ്ഗത്തിലേക്ക്, ഈ അന്ധകാരമായ സ്ഥലത്തുനിന്ന് ആത്മീയപ്രകാശത്തിലേക്കു ക്ഷണിക്കുന്ന ഒരിക്കലും കെടാത്ത വെളിച്ചവും ആകുന്നുവെന്നു നമ്മെ പഠിപ്പിക്കുകയും ചെയ്യുന്നു. വിശ്വാസികളെ! നിങ്ങൾ ദിവ്യസൂര്യനായ ഈശോമിശിഹായുടെ വെളിച്ചം കണ്ട് അദ്ദേഹത്തിന്റെ ദിവ്യോപദേശങ്ങളെ അനുസരിക്കുമെങ്കിൽ സ്വർഗ്ഗത്തിൽ തന്റെ ദൈവത്വത്തെ ആരാധിക്കുന്നതിനും തന്റെ ദിവ്യപ്രകാശത്താൽ ശോഭിതരായി ദിവ്യഹൃദയത്തിന്റെ അളവറ്റ കൃപയെ കീർത്തിക്കുന്നതിനും നിങ്ങൾക്ക് ഇടയാകുന്നതാണ്.

### ജപം

ആകാശത്തെ വിസ്മയിപ്പിക്കുന്ന ദിവ്യസൂര്യനായ ഈശോയെ! അങ്ങയെ ഞാൻ ആരാധിക്കുന്നു. സ്വർഗ്ഗവാസികളുടെ സന്തോഷമേ! പ്രകാശമേ! അങ്ങയെ ഞാൻ സ്നേഹിക്കുന്നു. സ്നേഹം നിറഞ്ഞ ഈശോയുടെ ദിവ്യഹൃദയമേ! ഹാ! കർത്താവേ! പാപാന്ധകാരത്താൽ അവലക്ഷണമായിരിക്കുന്ന എന്റെ ആത്മാവിനെ തൃക്കൺപാർക്കണമേ. ഞാൻ അങ്ങേ ദൈവിക ശക്തിയെയും സ്നേഹത്തേയും അറിയുന്നതിനും അങ്ങേ സദാ പ്രസാദിപ്പിക്കുന്നതിനും അങ്ങേ നേർക്കുള്ള സ്നേഹത്താൽ ജ്വലിക്കുന്നതിനും കർത്താവേ! എനിക്ക് ഇടവരുത്തിയരുളണമേ. എന്റെ പ്രകാശവും വെളിച്ചവുമായ ഈശോയെ! എന്റെ ഹൃദയാന്ധകാരങ്ങളെ അകറ്റി എന്നെ പ്രകാശിപ്പിക്കേണമേ. അങ്ങേ ദിവ്യഹൃദയത്തിലെ രക്തത്താൽ കഴുകി എന്നെ ശുദ്ധീകരിക്കണമേ.

## പ്രാർത്ഥന

കർത്താവേ, അങ്ങേ മണവാട്ടിയായ തിരുസ്സഭയ്ക്ക് പൂർണ്ണസ്വാതന്ത്ര്യം കൊടുത്തരുളേണമേ. ഞങ്ങളുടെ പിതാവായ പരിശുദ്ധ പാപ്പായെ സംരക്ഷിക്കണമേ. എല്ലാവരും അങ്ങേ ഏക സത്യസഭയെ അറിഞ്ഞ് ഏക ഇടയന്റെ കീഴാകുന്നതിന് വേഗത്തിൽ ഇടവരുത്തണമേ! നിർഭാഗ്യ പാപികളുടെമേൽ കൃപയായിരിക്കേണമേ. അനുഗ്രഹത്തിന്റെ അമ്മയായ മറിയമേ, ദിവ്യഹൃദയത്തിൻ നാഥേ! ഞാൻ അപേക്ഷിക്കുന്നതും ആഗ്രഹിക്കുന്നതുമായ സകല വരങ്ങളും അങ്ങേ ശക്തമായ മദ്ധ്യസ്ഥതയിൽ ശരണപ്പെട്ട് അങ്ങു വഴിയായി ലഭിക്കുമെന്ന് പൂർണ്ണമായി ഉറച്ചിരിക്കുന്നു. ആമ്മേൻ. (3 സ്വർഗ്ഗ. 3 നന്മ. 3 ത്രി.)

സാധുശീലനും ഹൃദയ എളിമയുള്ളവനുമായ ഈശോയെ! ഞങ്ങളുടെ ഹൃദയവും അങ്ങേ ഹൃദയം പോലെ ആക്കണമേ.

## ഈശോമിശിഹായുടെ തിരുഹൃദയ ലുത്തിനിയ

കർത്താവേ! അനുഗ്രഹിക്കണമേ.
മിശിഹായേ! അനുഗ്രഹിക്കണമേ.
കർത്താവേ! അനുഗ്രഹിക്കണമേ.
മിശിഹായേ! ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
മിശിഹായേ! ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.

"ഞങ്ങളെ അനുഗ്രഹിക്കണമേ" എന്ന് ഏറ്റു ചൊല്ലുക

ആകാശങ്ങളിലിരിക്കുന്ന ബാവാതമ്പുരാനേ,
ഭൂലോകരക്ഷിതാവായ പുത്രൻ തമ്പുരാനേ,
റൂഹാദക്കുദശാ തമ്പുരാനേ,
ഏകസ്വരൂപമായിരിക്കുന്ന ശുദ്ധ ത്രിത്വമേ,
നിത്യപിതാവിൻ കുമാരനായ ഈശോയുടെ തിരുഹൃദയമേ,
കന്യാസ്ത്രീ മാതാവിന്റെ തിരുവുദരത്തിൽ പരിശുദ്ധാരൂപിയാൽ ഉരുവാക്കപ്പെട്ട ഈശോയുടെ തിരുഹൃദയമേ,
ദൈവവചനത്തോടു കാതലായ വിധത്തിൽ ഒന്നിച്ചിരിക്കുന്ന ഈശോയുടെ തിരുഹൃദയമേ,
അനന്തമഹിമയുള്ള ഈശോയുടെ തിരുഹൃദയമേ,
ദൈവത്തിന്റെ പരിശുദ്ധ ആലയമായ ഈശോയുടെ തിരുഹൃദയമേ,
അത്യുന്നതന്റെ കൂടാരമായ ഈശോയുടെ തിരുഹൃദയമേ,
ദൈവഭവനവും മോക്ഷവാതിലുമായ ഈശോയുടെ തിരുഹൃദയമേ,
ജ്വലിച്ചെരിയുന്ന സ്നേഹാഗ്നിച്ചൂളയായ ഈശോയുടെ തിരുഹൃദയമേ,
നീതിയുടെയും സ്നേഹത്തിന്റെയും നിധിയായ ഈശോയുടെ തിരുഹൃദയമേ,
നന്മയും, സ്നേഹവും നിറഞ്ഞ ഈശോയുടെ തിരുഹൃദയമേ,
സകല പുണ്യങ്ങളുടെയും ആഴമായ ഈശോയുടെ തിരുഹൃദയമേ,
സകല! പുകഴ്ച്ചയ്ക്കും എത്രയും യോഗ്യമായ ഈശോയുടെ തിരുഹൃദയമേ,
സകല പുണ്യവാൻമാരുടെയും ആനന്ദമായ ഈശോയുടെ തിരുഹൃദയമേ,
ഭൂലോക പാപങ്ങളെ നീക്കിക്കളയുന്ന ദിവ്യചെമ്മരിയാട്ടിൻ കുട്ടി,
കർത്താവേ! ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമേ.
ഭൂലോക പാപങ്ങളെ നീക്കിക്കളയുന്ന ദിവ്യചെമ്മരിയാട്ടിൻ കുട്ടി,
കർത്താവേ! ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
ഭൂലോക പാപങ്ങളെ നീക്കിക്കളയുന്ന ദിവ്യചെമ്മരിയാട്ടിൻ കുട്ടി,
കർത്താവേ! ഞങ്ങളെ അനുഗ്രഹിക്കണമേ.

പ്രാർത്ഥിക്കാം

സർവശക്തനമായ നിത്യനമായ സർേവ്വശ്വരാ! അങ്ങേ എത്രയും പ്രിയമുള്ള പുത്രന്റെ തിരുഹൃദയത്തേയും പാപികളുടെ പേർക്കായി അദ്ദേഹം അങ്ങേയ്ക്കു കാഴ്ച വെച്ച സ്തുതികളെയും പാപപരിഹാരങ്ങളെയും ഓർത്തു അങ്ങേ കൃപയെ യാചിക്കുന്നവർക്കു ദൈവമായ റൂഹാദക്കുദശായുടെ ഐക്യത്തിൽ നിത്യമായി നിന്നോടുകൂടെ ജീവിച്ചു വാഴുന്ന അങ്ങേ പുത്രനായ ഈശോമിശിഹായുടെ നാമത്തിൽ കൃപയുള്ളവനായി പൊറുതി നൽകിയരുളണമേ. ആമ്മേൻ.

സുകൃതജപം

ഈശോമിശിഹായുടെ ദിവ്യഹൃദയത്തിൻ പ്രകാശമേ, എന്നെ പ്രകാശിപ്പിക്കണമേ.

സൽക്രിയ

നിന്റെ രക്ഷയ്ക്കു വിഘ്നമായിരിക്കുന്നവ ഏവയെന്ന് ആലോചിച്ച് അവയെ നീക്കുവാൻ ശ്രമിക്കുക.

+++